(സി&ഡി) ഈ പദ്ധതി പ്രകാരം കാർഷിക- വ്യവസായം (കോഴി വളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി), മത്സ്യകൃഷി (ഉൾനാടൻ മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും), കച്ചവടം (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉല്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ (പൊടി മില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്നത്.

നോർക്ക റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നോർക്ക റൂട്ട്സ് ആണ് പദ്ധതി നടപ്പാക്കിവരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികളുടെയും/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ലോണിനായി ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു. വായ്പക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7194 അപേക്ഷകരിൽ 6751 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രവാസി വനിതകൾ

112 (3080) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിൽ ജോലിയെടുക്കുന്ന കേരളീയ വനിതകൾ എത്ര പേരുണ്ടെന്ന കണക്ക് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭ്യമല്ലെങ്കിൽ ഇത്തരത്തിൽ ഒരു കണക്ക് തയ്യാറാക്കുന്നതിനും പ്രവാസി വനിതകളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 -ന്റെ കണക്കുപ്രകാരം വിവിധ വിദേശ രാജ്യങ്ങളിൽ 99326 കേരളീയ വനിതകൾ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അതാത് രാജ്യത്തെ എംബസികൾ നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ നോർക്ക വകുപ്പ് തൊഴിൽ സുരക്ഷിതത്വം സംബന്ധിച്ച് ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

പ്രവാസി മലയാളികൾ

113 (3081) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എത്ര മലയാളികളാണ് ഗൾഫ്/മറ്റ് വിദേശ രാജ്യങ്ങളിൽ ജോലികളിലേർപ്പെട്ടിട്ടുള്ളത് ; ഗൾഫ്/മറ്റ് വിദേശരാജ്യങ്ങൾ തരം തിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ ഏറ്റവും കൂടുതൽ മലയാളികൾ ഉള്ള ഗൾഫ് രാജ്യമേതെന്നും വിദേശരാജ്യമേതെന്നും വ്യക്തമാക്കുമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രവാസി മലയാളികൾ കേരളത്തിലേയ്ക്ക് അയച്ചത് എത്ര കോടി രൂപയാണ്എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ഗൾഫ് രാജ്യങ്ങളിലാണ് "നിതാഖത്" നിയമം നടപ്പിൽ വരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയവരെ സഹായിക്കാനായി എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായം ലഭ്യമാക്കി ; നാളിതുവരെ എന്തു തുക വകയിരുത്തി; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു ; ഇതിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly